# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.833 12.06.2013-ൽ മറുപടിക്ക്

## ജല ശുദ്ധീകരണ ശാലകൾ സ്ഥാപിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ. വാഹീദ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.വർക്കല കഹാർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജല അതോറിറ്റി കായൽ ജല ശുദ്ധീകരണ ശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) തനതു കുടിവെള്ള സ്രോതസ്സ് ഇല്ലാത്ത ഇടങ്ങളിൽ മേൽപ്പറഞ്ഞ മാർഗ്ഗം ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) കേന്ദ്ര സഹായം ഇപ്പോൾ ലഭിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ നൂതന സാങ്കേതിക വിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ചിലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| (ഡി) കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ച് ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ